എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 7, ലക്കം 3 | 2026 മാർച്ച് 05



# സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ വിതരണം ചെയ്തു

2025 ലെ സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡുകൾ വിതരണം ചെയ്തു. ഫെബ്രുവരി 25 ന് ഹോട്ടൽ റെസിഡൻസി ടവറിൽ വെച്ച് ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ വി. ശിവൻകുട്ടി അവാർഡുകൾ വിതരണം ചെയ്തു. ഗുണമേന്മയും സുസ്ഥിരതയുമാർന്ന ഊർജോല്പാദനമാണ് സംസ്ഥാനത്തിന്റെ ലക്ഷ്യമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

പുനരുപയോഗ ഊർജ്ജ രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും മന്ത്രി ചൂണ്ടിക്കാട്ടി. സൗരോർജ ഉൽപാദനം വർധിച്ചതോടെ വീടുകളും സ്ഥാപനങ്ങളും ഉപഭോക്താക്കളെന്നതിലുപരി ഉൽപാദകരായി മാറുന്ന സംസ്കാരം രൂപപ്പെട്ടു. മേൽക്കൂര സോളാർ പദ്ധതികൾ, സർക്കാർ സ്ഥാപനങ്ങളിലെ ഗ്രീൻ ബിൽഡിംഗ് മാതൃകകൾ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ഊർജ്ജ ക്ഷമ പ്രവർത്തനങ്ങൾ എന്നിവ സർക്കാരിന്റെ ദിശാബോധം വ്യക്തമാക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

ട്രാൻസ്മിഷൻ-ഡിസ്ട്രിബ്യൂഷൻ നഷ്ടം കുറയ്ക്കൽ, സ്മാർട്ട് മീറ്ററിംഗ് വ്യാപനം, വൈദ്യുതി സേവനങ്ങളുടെ ഡിജിറ്റലൈസേഷൻ തുടങ്ങിയ മേഖലകളിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. പുനരുപയോഗ ഊർജ്ജ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും ശ്രദ്ധേയമാണ്.

ഊർജ്ജ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ മുഖേന ISO 50001 സർട്ടിഫിക്കേഷൻ പ്രോത്സാഹിപ്പിക്കുകയും ഊർജ്ജ ഓഡിറ്റുകൾ നടപ്പിലാക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുന്നത് സംസ്ഥാനത്തിന്റെ ഊർജ്ജ കാര്യക്ഷമത ദൗത്യത്തിന് കരുത്ത് പകരുന്നു. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ പ്രകടനം വിലയിരുത്തിയാണ് അവാർഡുകൾ പ്രഖ്യാപിച്ചത്. ഊർജ്ജ സംരക്ഷണം ചെലവ് ലാഭിക്കൽ മാത്രമല്ല, പരിസ്ഥിതി സംരക്ഷണവും ഭാവി തലമുറയോടുള്ള ഉത്തരവാദിത്തവുമാണെന്ന് മന്ത്രി പറഞ്ഞു. ഏഴ് വിഭാഗങ്ങളിലായി അവാർഡുകൾ വിതരണം ചെയ്തു. ജേതാക്കൾക്ക് ക്യാഷ് പ്രൈസും ഫലകവും നൽകി. വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വിഭാഗത്തിൽ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് അവാർഡിന് അർഹമായി. ചെറുകിട വിഭാഗത്തിൽ കോഴിക്കോട് ഫോർച്യൂൺ ഇലാസ്റ്റോമേഴ്സ് പ്രൈവറ്റ് ലിമിറ്റഡും, കെട്ടിടങ്ങളുടെ വിഭാഗത്തിൽ തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡും പുരസ്കാരം ഏറ്റുവാങ്ങി. സ്ഥാപനങ്ങൾ/സംഘടനകൾ വിഭാഗത്തിൽ കേരള സർവകലാശാലയാണ് അവാർഡ് ജേതാവ്.

വൻകിട വിഭാഗത്തിൽ കോഴിക്കോട് പി.കെ. സ്റ്റീൽ കാസ്റ്റിംഗ്സ് (പി) ലിമിറ്റഡ്, തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് എന്നിവരും ഇടത്തരം വിഭാഗത്തിൽ ആലപ്പുഴ വി.കെ.എൽ സീസണിംഗ്സ് പ്രൈവറ്റ് ലിമിറ്റഡ്, കണ്ണൂർ ഡയറി (MRCMPU) എന്നിവരും കുമരകം കോക്കനട്ട് ലഗൂൺ (കെട്ടിടങ്ങൾ), കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (സ്ഥാപനങ്ങൾ), ആലപ്പുഴ ഓൾ എബൗട്ട് ഇന്നൊവേഷൻ ആൻഡ് അഡ്വാൻസ്ഡ് റിസർച്ച് പ്രൈവറ്റ് ലിമിറ്റഡ് (ഊർജ്ജ ക്ഷമ ഉൽപ്പന്ന പ്രോത്സാഹകർ), എറണാകുളം F5 സസ്റ്റൈനബിലിറ്റി കൺസൾട്ടന്റ്സ് (ആർക്കിടെക്ചറൽ സ്ഥാപനങ്ങൾ) എന്നിവരാണ് പ്രത്യേക പരാമർശത്തിന് അർഹരായത്.

ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ പുനീത് കുമാർ അധ്യക്ഷത വഹിച്ചു. പ്രൊഫ. വി.കെ. ദാമോദരനെ അനുസ്മരിക്കുന്ന വീഡിയോ പ്രകാശനം ചെയ്തു. ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ സ്വാഗതവും രജിസ്ട്രാർ ശ്രീ സുഭാഷ് ബാബു നന്ദിയും രേഖപ്പെടുത്തി.

# കേരളത്തിന്റെ ഊർജ്ജ സ്വപ്നങ്ങൾക്ക് കരുത്തേകി കൊച്ചിയിൽ സംഘടിപ്പിച്ച കേരള രാജ്യാന്തര ഊർജ്ജ മേള (IEFK 2026) ഉജ്ജ്വലമായി സമാപിച്ചു




സംസ്ഥാനത്തെ ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കുന്നതിനും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിപുലമായ പ്രവർത്തനങ്ങളാണ് എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്നത്. കേരളത്തിന്റെ ഭാവി ഊർജ്ജ സ്വപ്നങ്ങൾക്ക് കരുത്തുപകർന്ന് എനർജി മാനേജ്മെന്റ് സെന്ററിന്റെ (EMC) നേതൃത്വത്തിൽ നടന്ന കേരള രാജ്യാന്തര ഊർജ്ജ മേള (IEFK 2026) പനങ്ങാട് കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിലെ (കുഫോസ്) പ്രൊഫ. വി.കെ. ദാമോദരൻ നഗറിൽ ഉജ്ജ്വലമായി സംഘടിപ്പിച്ചു . 2026 ഫെബ്രുവരി 7 മുതൽ 9 വരെ മൂന്ന് ദിവസങ്ങളിലായി നടന്ന ഈ അന്തർ ദേശീയ സംഗമം കേരളത്തിന്റെ സുസ്ഥിര വികസന കാഴ്ചപ്പാടുകളെ ഊട്ടിയുറപ്പിച്ചാണ് തിരശീല വീണത്. ഫെബ്രുവരി 7-ന് ആരംഭിച്ച മേളയുടെ ഉദ്ഘാടനം ബഹു വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ കെ കൃഷ്ണൻകുട്ടി നിർവഹിച്ചു. ശ്രീ കെ ബാബു തൃപ്പൂണ്ണിത്തറ നിയോജക മണ്ഡലം എം എൽ.എ അധ്യക്ഷനായി. ഊർജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ പുനീത് കുമാർ മുഖ്യപ്രഭാഷണം നടത്തി. കുഫോസ് വൈസ് ചാൻസലർ ഡോ.എ. ബിജുകുമാർ സ്ഥാപക ദിന പ്രഭാഷണം നടത്തി. ഫാക്ടറീസ് & ബോയിലേഴ്സ് ജോയിന്റ് ഡയറക്ടർ ശ്രീ അനിൽ കുര്യാക്കോസ്, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ സന്തോഷ് കെ. ടി എന്നിവർ ആശംസകൾ നേർന്നു നയരൂപകർത്താക്കൾ, വ്യവസായ പ്രമുഖർ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ എന്നിവർ സജീവമായി പങ്കെടുത്തു. സുസ്ഥിര ഊർജ്ജം, സാങ്കേതിക നവീകരണം, കാലാവസ്ഥാ സംരക്ഷണം എന്നിവയിൽ ഊന്നിയുള്ള ദേശീയതല സംവാദങ്ങളുടെ വേദിയായി മാറിയ മേള, സംസ്ഥാനത്തിന്റെ ഭാവി ഊർജ്ജ നയങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകി.

സമാപന സമ്മേളനത്തിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSIDC) ചെയർമാൻ ശ്രീ സി. ബാലഗോപാൽ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാനത്തിന്റെ ഊർജ്ജ നയരൂപീകരണത്തിൽ വലിയ സംഭാവനകൾ നൽകിയ പ്രൊഫ. വി.കെ. ദാമോദരന്റെ സ്മരണാർത്ഥമുള്ള പുരസ്കാരങ്ങൾ അദ്ദേഹം വിതരണം ചെയ്തു. വ്യാവസായിക നവീകരണവും ഭരണപരമായ പരിഷ്കാരങ്ങളും ഊർജ്ജ സുരക്ഷാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അനിവാര്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ പ്രൊഫ. വി.കെ. ദാമോദരന്റെ ജീവിതത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി ടീസർ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി രഞ്ജിനി ദാമോദരന്റെ സാന്നിധ്യത്തിൽ പ്രകാശനം ചെയ്തു. പൊതുമേഖലാ പരിവർത്തന ബോർഡ് എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ അജിത് കുമാർ, കുഫോസ് രജിസ്ട്രാർ ഡോ. ദിനേശ് കെ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു. ഊർജ്ജ മേഖലയിലെ ആഗോള സഹകരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുപ്രധാനമായ മൂന്ന് ധാരണാപത്രങ്ങളിൽ മേളയിൽ വെച്ച് ഇ.എം.സി ഒപ്പുവെച്ചു. ന്യൂഡൽഹി ആസ്ഥാനമായുള്ള അന്താരാഷ്ട്ര ശാസ്ത്ര സാങ്കേതിക കേന്ദ്രവുമായി (NAM S&T Centre) ഒപ്പിട്ട കരാർ സുസ്ഥിര ഊർജ്ജ ഗവേഷണ രംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും. കൂടാതെ കൊല്ലം യു.കെ.എഫ് എഞ്ചിനീയറിംഗ് കോളേജ്, ബസേലിയോസ് മാത്യൂസ് സെക്കൻഡ് എഞ്ചിനീയറിംഗ് കോളേജ് എന്നിവയുമായി അക്കാദമിക് സഹകരണത്തിനുള്ള കരാറുകളിലും ഒപ്പുവെച്ചു. ബാർക്കിലെ (BARC) മുൻ ശാസ്ത്രജ്ഞരുടെ നേതൃത്വത്തിൽ നടന്ന ആണവോർജ്ജ ചർച്ചകളും ഗ്ലോബൽ ഗ്രീൻ ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടന്ന ആഗോള ഊർജ്ജ മാതൃകകളെക്കുറിച്ചുള്ള സെഷനുകളും മേളയിലെ പ്രധാന ആകർഷണമായിരുന്നു.

സാധാരണക്കാർക്കായി സംഘടിപ്പിച്ച ഇ-കുക്കിംഗ് പരിശീലന പരിപാടിയും ഇലക്ട്രിക് വാഹനങ്ങളുടെ സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകളും മേളയ്ക്ക് ജനകീയ മുഖം നൽകി. വിദ്യാർത്ഥികളുടെ വൻ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ മേളയിൽ എനർജി ക്ലബ്ബിന്റെ ഭാഗമായി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും മികച്ച പ്രോജക്ടുകൾക്ക് പ്രൊഫ. വി.കെ. ദാമോദരൻ മെമ്മോറിയൽ അവാർഡ് നൽകി ആദരിക്കുകയും ചെയ്തു. സോളാർ സംവിധാനങ്ങളും ഇലക്ട്രിക് വാഹനങ്ങളും അണിനിരന്ന എക്സ്പോയും ചിത്രകാരൻ ശ്രീ കാരയ്ക്കാമണ്ഡപം വിജയകുമാറിന്റെ നേതൃത്വത്തിൽ നടന്ന തത്സമയ ചിത്രരചനയും മേളയ്ക്ക് മിഴിവേകി. ഹരിത ഊർജ്ജ നയങ്ങളിൽ കേരളം മുൻപന്തിയിലാണെന്ന പ്രഖ്യാപനത്തോടെയാണ് ഐ.ഇ.എഫ്.കെ 2026-ന് സമാപനമായത്.

## വീടുകളിൽ ഉദിച്ച സോളാർ വിപ്ലവം




“വീടുകളിൽ ഉദിച്ച സോളാർ വിപ്ലവം” – Energy Transition at the Grassroots 2026 ജനുവരി 30-ന് നടന്ന Mathrubhumi International Festival of Letters-ൽ സംഘടിപ്പിച്ച ശ്രദ്ധേയമായ സെഷനിൽ എനർജി മാനേജ്മെന്റ് സെന്ററിലെ NMEEE & DSM വിഭാഗത്തിന്റെ മേധാവി ശ്രീ ജോൺസൺ ഡാനിയേൽ പാനലിസ്റ്റായി പങ്കെടുത്തു.

# ഹരിത കേരളം നാഷണൽ എൻവയോൺമെന്റ് സമ്മിറ്റ് 2026

തിരുവനന്തപുരം കവടിയാർ ഉദയ പാലസ് കൺവെൻഷൻ സെന്ററിൽ ഫെബ്രുവരി 23 മുതൽ 26 വരെ സംഘടിപ്പിച്ച ഹരിത കേരളം നാഷണൽ എൻവയോൺമെന്റ് സമ്മിറ്റ് 2026 പരിസ്ഥിതി സൗഹൃദ വികസനത്തിനായുള്ള നവീന ആശയങ്ങളുടെ സംഗമവേദിയായി. സമ്മിറ്റിന്റെ രണ്ടാം ദിനമായ ഫെബ്രുവരി 24-ന് വലിയ സ്ഥാപനങ്ങൾക്കായി സൗരോർജ്ജം, കാറ്റാടി ഊർജ്ജം എന്നിവ ഉപയോഗിച്ചുള്ള ക്യാപ്റ്റീവ് പവർ പ്ലാന്റുകളെക്കുറിച്ചും അവ നേരിടുന്ന നയപരമായ വെല്ലുവിളികളെക്കുറിച്ചുമുള്ള ചർച്ചകൾ നടന്നു. എനർജി മാനേജ്മെന്റ് സെന്റർ (EMC) ഡയറക്ടർ ഡോ. ആർ. ഹരികുമാർ അധ്യക്ഷത വഹിച്ച സെഷനിൽ കാറ്റാടി ഊർജ്ജ മേഖലയിലെ നൂതനമായ മാറ്റങ്ങളെക്കുറിച്ചും സ്റ്റോറേജ് വെല്ലുവിളികളെക്കുറിച്ചും അഹല്യ സ്കൂൾ ഓഫ് എഞ്ചിനീയറിംഗിലെ വിദഗ്ധർ വിശദീകരിച്ചു.

ഗ്രിഡ് ഇന്റഗ്രേഷൻ, ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾക്കായി ഹരിത ഊർജ്ജം പ്രയോജനപ്പെടുത്തുന്നതിലെ സാധ്യതകൾ എന്നിവ കെ.എസ്.ഇ.ബിയിലെയും അനെർട്ടിലെയും (ANERT) പ്രതിനിധികൾ ചർച്ച ചെയ്തു. തദ്ദേശീയ തലത്തിൽ ഹരിത ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിലെ അനുഭവങ്ങൾ പെരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ മാതൃകയിൽ ശ്രീ കെ.കെ. സുഗതൻ അവതരിപ്പിച്ചു. ഇ.എം.സി ജോയിന്റ് ഡയറക്ടർ ശ്രീ ദിനേഷ് കുമാർ എ.എൻ സമാന്തര ഊർജ്ജ സ്രോതസ്സുകളെക്കുറിച്ച് വിശദീകരിച്ചപ്പോൾ ഡബ്ല്യു.ആർ.ഐ (WRI India) പ്രതിനിധി ശ്രീ തീർത്ഥങ്കർ മണ്ഡൽ ഊർജ്ജ നയങ്ങളെക്കുറിച്ച് പ്രതികരണം രേഖപ്പെടുത്തി. ശാസ്ത്രജ്ഞർ, നയരൂപകർത്താക്കൾ, വിവിധ വകുപ്പുകൾ എന്നിവരുടെ സജീവ പങ്കാളിത്തം കൊണ്ട് ഈ ഉച്ചകോടി ശ്രദ്ധേയമായി.

## കാലാവസ്ഥാ പ്രതിരോധ നിർമ്മിതി: മേഖലാ സമ്മേളനം; ഗൃഹ കൗൺസിലും ഇ.എം.സി.യും ധാരണാപത്രത്തിൽ ഒപ്പുവെച്ചു




കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള സുസ്ഥിരമായ നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് ഗൃഹ കൗൺസിൽ മേഖലാ സമ്മേളനം ഇ എം സി സഹകരണത്തോടെ സംഘടിപ്പിച്ചു. സമ്മേളനത്തിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാറും ശ്രീ സഞ്ജയ് സേഥ്, വൈസ് പ്രസിഡന്റ് &ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഗൃഹ കൗൺസിലും തമ്മിൽ കെട്ടിട നിർമ്മാണ മേഖലയിൽ സുസ്ഥിര വികസനം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളുടെ തുടർച്ച ഉറപ്പുവരുത്തുന്നതിനായി സുപ്രധാനമായ ഒരു ധാരണാപത്രത്തിൽ (MoU) ഒപ്പുവെച്ചു. പരിസ്ഥിതി സൗഹൃദവും ഊർജ്ജ ക്ഷമതയുള്ളതുമായ കെട്ടിട നിർമ്മാണ രീതികൾ കേരളത്തിൽ വ്യാപകമാക്കുന്നതിനും, ഈ മേഖലയിൽ സാങ്കേതിക സഹകരണം ഉറപ്പാക്കുന്നതിനുമാണ് ഗൃഹ കൗൺസിലും ഇ.എം.സി.യും തമ്മിൽ കൈകോർക്കുന്നത്.നിർമ്മാണ മേഖലയിൽ കാർബൺ ബഹിർഗമനം കുറഞ്ഞ സാങ്കേതിക വിദ്യകൾ (Low -carbon technologies) പ്രയോജനപ്പെടുത്തി പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനെക്കുറിച്ച് വിദഗ്ധർ ചർച്ച നടത്തി. Bridging Partnerships, Policy, and Practice for a Resilient Kerala എന്ന വിഷയത്തിൽ സംഘടിപ്പിച്ച റൗണ്ട് ടേബിൾ സെഷനിൽ എനർജി മാനേജ്മെന്റ് സെന്റർ ജോയിന്റ് ഡയറക്ടർ ശ്രീ എ എൻ ദിനേശ്കുമാർ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത് സംസാരിച്ചു.

## രാജ്യത്തെ ആദ്യ പൊതുഉടമസ്ഥതാ സൗരോർജ്ജ ശേഖരണ പദ്ധതി കേരളത്തിൽ ഉടൻ പ്രവർത്തനം തുടങ്ങും പെരിഞ്ഞനം ദേശീയ മാതൃകയിലേക്ക്




ഊർജസുരക്ഷ ഉറപ്പാക്കുന്നതിനായി പൊതുസമൂഹത്തിന്റെ പങ്കാളിത്തത്തോടെയുള്ള രാജ്യത്തെ ആദ്യ കമ്മ്യൂണിറ്റി ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം (C-BESS) തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനത്ത് ഉടൻ പ്രവർത്തനമാരംഭിക്കുന്നു. അസർ സോഷ്യൽ ഇംപാക്ട് അഡ്വൈസേഴ്സ് തയ്യാറാക്കിയ "Charging Change - Strengthening Kerala's Energy Security Through Community Ownership" എന്ന റിപ്പോർട്ട് പ്രകാശിപ്പിച്ച ചടങ്ങിലാണ്, 2026 മെയ് മാസത്തോടെ 2 കോടി രൂപ ചെലവിൽ ഈ പൈലറ്റ് പദ്ധതി കമ്മീഷൻ ചെയ്യുമെന്ന പ്രഖ്യാപനമുണ്ടായത്. പകൽ സമയത്തെ അധിക സൗരോർജ്ജം സംഭരിച്ചുവെച്ച് വൈകുന്നേരങ്ങളിലെ ഉയർന്ന വൈദ്യുതി ആവശ്യകത (Peak Demand) പരിഹരിക്കാൻ ഈ വികേന്ദ്രീകൃത സംവിധാനം സഹായിക്കും. 2040-ഓടെ പൂർണ്ണമായും പുനരുപയോഗ ഊർജ്ജത്തിലേക്ക് മാറാനും 2050-ഓടെ കാർബൺ ന്യൂട്രാലിറ്റി കൈവരിക്കാനുമുള്ള കേരളത്തിന്റെ ലക്ഷ്യങ്ങൾക്ക് ഈ 'പെരിഞ്ഞനം മോഡൽ' വലിയൊരു കരുത്താകുമെന്നും, ഇത് വരുംകാലങ്ങളിൽ ഒരു ദേശീയ മാതൃകയായി മാറുമെന്നും വിദഗ്ധർ വിലയിരുത്തുന്നു



# CESL Conducts State-Level Roundtable on Scaling Electric Bicycles for Livelihoods and Sustainable Mobility in Kerala

A State-level roundtable led by the Energy Management Centre Kerala discussed scaling up electric bicycles under the STREE (Sustainable Transport for Rural Entrepreneurs through E-bicycles) pilot to strengthen livelihoods and promote sustainable mobility in Kerala on 24 February 2026 at EMC confrence hall. The pilot, implemented by Convergence Energy Services Limited, a subsidiary of Energy Efficiency Services Limited, in collaboration with the Ministry of Rural Development and the Asian Development Bank, deployed 600 electric bicycles across livelihood and service sectors. The initiative demonstrated improved mobility, reduced physical strain, enhanced market access, and suitability for short-distance rural travel. Representatives from key State agencies, including Women's Development Corporation, ANERT, Local Self Government Department, and KSEB Ltd, participated in the discussions.



The roundtable focused on financing models, inter-departmental convergence, and strategies for large-scale implementation. Participants agreed that electric bicycles can serve as a statewide green mobility platform supporting women's livelihoods, improving last-mile connectivity, and advancing Kerala's clean energy and climate goals.

# Powering Change from the States: Leadership, Finance, and Institutional Strength Drive the Next Phase of India's Energy Efficiency Revolution



Dr. R. Harikumar, Director EMC Kerala participated as a panellist in the session on "Empowering Sub-National Actors: Institutional Capacity, Financing, and Leadership for Energy Efficiency," hosted by Alliance for an Energy Efficient Economy and co-curated with CLASP, and underscored the pivotal role of state-level institutions in accelerating India's energy transition. The discussion focused on strengthening governance, financing, and institutional mechanisms to move beyond fragmented pilots toward scalable, state-wide energy efficiency programmes. Director EMC shared insights on institutionalising energy efficiency through structured oversight and professional expertise.

Panellists highlighted the need for a clear long-term vision, committed leadership, robust technical support, and sustainable financing mechanisms, including a proposed Central Energy Conservation Fund to provide predictable resources for states. The importance of building dedicated technical capacity within State Designated Agencies was also emphasised, citing EMC Kerala's autonomous model as an example of effective governance. The session concluded that empowering states through strong leadership, innovative financing, and institutional strengthening is essential to achieving scalable energy savings and advancing India's climate goals.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256